പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി X
# (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

## 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2016 നവംബർ 3-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി X
# (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

## 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

1137/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (2016-2018)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. എ. സി. മൊയ്തീൻ,
സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. എൽദോ എബ്രഹാം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. എം. ഷാജി

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. സണ്ണി ജോസഫ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാംകുമാർ എസ്. പി. അണ്ടർ സെക്രട്ടറി.

# അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന (എക്കോളജിയും എൻവയോൺമെന്റും), ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥന (മലിനീകരണ നിയന്ത്രണ ബോർഡ്), വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥന, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയിന്മേലുള്ള സബ്ജക്ട് കമ്മിറ്റി X-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2015 ജൂൺ 8-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് ആകെ 29 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിലെ വനം വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട 1 മുതൽ 15 വരെയുള്ള ശിപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 7-9-2016-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട 21 മുതൽ 29 വരെയുള്ള ശിപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 24-10-2016-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളിലായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്തിൽ സർക്കാരിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിച്ചതും സമിതി അംഗീകരിച്ചതുമായ ശിപാർശകളെ സംബന്ധിച്ച വിശദാംശങ്ങളും രണ്ടാം ഭാഗത്തിൽ ഇനിയും മറുപടി ലഭിക്കുവാനുള്ള ശിപാർശകളെ സംബന്ധിച്ച വിശദാംശങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതി 24-10-2016-ൽ ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. രാജു,<br>*ചെയർമാൻ,*<br>*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,<br>2016 ഒക്ടോബർ 24.

## റിപ്പോർട്ട്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതിയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്.

## ഭാഗം I

## സമിതിയുടെ ശിപാർശകളും ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടികളും

### വനം വകുപ്പ്

### ധനാഭ്യർത്ഥന നമ്പർ XXXIV

### ശിപാർശ

2406-01-101-81 - വനസംരക്ഷണം

വനസംരക്ഷണത്തിന്റെ ഭാഗമായി സ്ഥിരമായ ജണ്ടകളും പ്രത്യേക പ്രദേശങ്ങളിൽ കരിങ്കൽ മതിലുകളും കെട്ടി അതിരുകൾ വേർതിരിക്കുന്നത് ഒരളവുവരെ വനം കയ്യേറ്റം തടയുന്നതിന് സഹായകമാകുന്നു എന്നും ഇതിനായി 2.47 ലക്ഷം ജണ്ടകളും 1175 കിലോമീറ്റർ കരിങ്കൽ ഭിത്തിയും നിർമ്മിക്കുന്നതിനായി ഇനിയും ഏകദേശം 4000 കിലോമീറ്റർ വനാതിർത്തിയുടെ അതിര് വേർതിരിക്കേണ്ടതുണ്ടെന്നും ആയതിലേക്ക് ആധുനിക സർവ്വേ ഉപകരണങ്ങൾ വാങ്ങൽ, വനം സർവ്വേ അതിർത്തി നിർണ്ണയം, തകർന്ന ജണ്ടകളുടെ അറ്റകുറ്റപ്പണികൾ, യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണികളും പരിപാലനവും, വനപരിപാലനവും വനാതിർത്തിയിൽ ജൈവവേലികളുടെ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തുന്നതിന് വയർലെസ് നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്തൽ എന്നിവ ഈ വിഭാഗത്തിൽ ലക്ഷ്യമിട്ടിട്ടുള്ള പരിപാടികളാണെന്നും സമിതി മനസ്സിലാക്കുന്നു. വനസംരക്ഷണ സമിതികളുടെയും ഗവൺമെന്റേതര സംഘടനകളുടെയും സജീവ പങ്കാളിത്തത്തോടുകൂടി ഒരു പങ്കാളിത്ത മാതൃക രൂപീകരിച്ച് കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, ചന്ദന വനങ്ങൾ, ചോലവനങ്ങൾ, നെൽ വയലുകൾ തുടങ്ങിയ പ്രത്യേക ഇക്കോമേഖലയുടെ സംരക്ഷണം മുതലായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2406-01-101-81 വന സംരക്ഷണം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 1635 ലക്ഷം രൂപയാണ് പ്രാഥമികമായി അനുവദിച്ചത്. വന സംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക പരിമിത മായതിനാൽ സമിതിയുടെ ശിപാർശാനുസരണം G.O(Rt) No.2995/2016/Fin., dated 29.03.2016 സർക്കാർ ഉത്തരവ് പ്രകാരം Re-appropriation മുഖേന 50 ലക്ഷം രൂപ സർക്കാർ ഈ ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2406-01-101-80 – <u>ഔഷധ സസ്യങ്ങളുടെ വികസനം ഉൾപ്പെടെയുള്ള തടി ഇതര വനവിഭവങ്ങൾ</u>

തടി ഇതര ഉൽപ്പന്നങ്ങളായ ഈറ, മുള, ഔഷധ സസ്യങ്ങൾ തുടങ്ങിയവ നട്ടുവളർത്തുകയും പരിപാലിക്കുകയും ചെയ്യുക, വനസംരക്ഷണ സമിതിയുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും സഹകരണത്തോടുകൂടി ആദിവാസികൾക്ക് ശാസ്ത്രീയമായി വനവിഭവശേഖരണവും സംസ്കരണവും നടത്തുന്നതിനുള്ള പരിശീലനം നൽകുക, ഔഷധ സസ്യങ്ങൾ വളരുന്ന പ്രദേശങ്ങൾ സംരക്ഷിക്കുകയും തടിയിതര വനവിഭവങ്ങൾ പരിപാലിക്കുകയും ചെയ്യുക, തുടങ്ങിയ വിവിധ പദ്ധതികൾക്കായും 250 ഹെക്ടർ പ്രദേശത്ത് പുതിയതായി തടിയിതര വനഉൽപ്പന്നങ്ങളും ഔഷധ ഉൽപ്പന്നങ്ങളും ഈ വർഷം വച്ചുപിടിപ്പിക്കുന്നതിനും മുൻ വർഷങ്ങളിൽ വച്ചുപിടിപ്പിച്ച 1000 ഹെക്ടർ പ്രദേശത്തെ തോട്ടങ്ങൾ പരിപാലിക്കുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്നു കാണുന്നതിനാൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

2406-01-101-80 ഔഷധ സസ്യങ്ങളുടെ വികസനം ഉൾപ്പെടുത്തിയിട്ടുള്ള തടി ഇതര വനവിഭവങ്ങൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 220 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ അനുവദിച്ച തുക തൻവർഷം പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-01-101-80- ഔഷധ സസ്യങ്ങളുടെ വികസനം ഉൾപ്പെടെയുള്ള തടി ഇതര വനവിഭവങ്ങൾ

സംസ്ഥാനത്ത് പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഓരോ വർഷവും വൃക്ഷത്തൈകൾ നട്ടുവരുന്നുണ്ടെങ്കിലും വേണ്ടത്ര പരിപാലനം ലഭിക്കാത്തതു നിമിത്തം അവ നശിച്ചുപോകുന്ന സ്ഥിതിയാണ് നിലവിലുള്ളതെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ, സ്കൂളുകളിൽ 'നക്ഷത്രവനങ്ങൾ' എന്ന പേരിൽ ഓക്സിജൻ സർക്കുലേഷൻ കൂടുതലായുള്ള ഏഴിനം മരങ്ങൾ വച്ചുപിടിപ്പിക്കൽ, ഔഷധസസ്യകൃഷി വ്യാപിപ്പിക്കുക, 'കട്ടിവനം' പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പദ്ധതികൾക്കായി ഒരു കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

4406-01-105-87 - തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ
4406-01-105-87(01) - വൻമരത്തോട്ടങ്ങൾ

ദീർഘകാലം നിലനിൽക്കുന്ന വൃക്ഷങ്ങളായ ഈട്ടി, കമ്പകം, വെള്ളകിൽ മറ്റു മരങ്ങൾ എന്നിവയുടെ തൈകൾ നട്ട് പരിപാലിക്കുന്നതിനും പുതിയതായി മരങ്ങൾ വച്ചുപിടിപ്പിക്കൽ, മാതൃകാ തേക്ക്തോട്ടം വച്ചുപിടിപ്പിക്കൽ, വൻമരങ്ങളുടെ പരിപാലനം, നവീനയന്ത്രങ്ങൾ വാങ്ങുക തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായും 4406-01-105-87(01) എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

അധികമായി തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

4406-01-105-87(02) - വ്യവസായിക അസംസ്കൃത വസ്തുക്കൾ

വ്യാവസായിക ആവശ്യത്തിനുപയോഗിക്കുന്ന യൂക്കാലിപ്റ്റ്സ്, അക്കേഷ്യ എന്നീ മരങ്ങളും മറ്റ് മരങ്ങളും വച്ചു പിടിപ്പിക്കുക, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ഫാക്ടറിക്ക് നൽകുവാനായി മുറിച്ചുമാറ്റുന്ന തോട്ടങ്ങളിൽ പുതിയ തൈകൾ വച്ചുപിടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ പ്രസ്തുത പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

4406-01-105-87 (02) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 690 ലക്ഷം രൂപയാണ് അനുവദിച്ചത്. തൻ വർഷ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-02-110-68 - ജൈവവൈവിധ്യ സംരക്ഷണം

വനം-വന്യജീവി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷസസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനുവേണ്ടിയുള്ള പ്രത്യേക പരിപാടികൾ, പ്രകൃതിദത്തമായ പൈതൃക പ്രദേശങ്ങൾ സംരക്ഷിക്കൽ, കണ്ടൽക്കാടുകൾ, കാവുകൾ എന്നിവ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പങ്കാളിത്ത പരിപാടികൾ, ദേശാടനപക്ഷികളെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പരിപാടികൾ, വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന ഇനങ്ങളുടെ ഗവൺമെന്റിതര സംഘടനകളുടെ പങ്കാളിത്തത്തോടെയുള്ള സംരക്ഷണം തുടങ്ങിയവ ഉൾപ്പെടുന്ന ഈ പദ്ധതിയിൽ പ്രകൃതിയെക്കുറിച്ച് പഠിക്കുവാനുള്ള ക്യാമ്പുകളും പൊതുജനങ്ങൾക്കായുള്ള ബോധവൽക്കരണ ക്യാമ്പുകളും സംഘടിപ്പിക്കുക, മിഷൻ-676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികളായ 'ഇക്കോ കേഡറ്റ്സ്', ' കുരുവിക്കൊരു കൂട് ', പ്രകൃതിമിത്ര അവാർഡ് എന്നിവയും ഉൾപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്നു കാണുന്നതിനാൽ 350 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

2406-02-110-68 ജൈവവൈവിദ്ധ്യ സംരക്ഷണം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 350 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അധിക തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

2406-02-110-56 - <u>പരിസ്ഥിതി വികസന പരിപാടി</u>

വനവിഭവ പരിപാലനത്തിന് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം നടത്തുക, വനങ്ങളെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള ബദൽ സംവിധാനങ്ങൾക്കുള്ള സഹായം നൽകുക, വനവിഭവപരിപാലനം തുടങ്ങിയ പദ്ധതികൾക്കും മെഡിക്കൽ ക്യാമ്പുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സംഘടിപ്പിക്കുക, കോളനികളിലുള്ള പട്ടികവർഗ്ഗക്കാർക്ക് വിളകളും മറ്റ് പഴവർഗ്ഗങ്ങളും കൃഷിചെയ്യാനുള്ള പ്രോത്സാഹനം നൽകുക, വനത്തിന് സമീപം അധിവസിക്കുന്നവർക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ, എന്നിവയ്ക്കു പുറമേ മിഷൻ '676'-ൽ ഉൾപ്പെടുത്തിയിട്ടുള്ള 'ഊരിനുണർവ് കാടിനുണർവ്" എന്ന പദ്ധതിയുടെ നടത്തിപ്പ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് കാണുന്നതിനാൽ 150 ലക്ഷം രൂപ അധികമായി ഇതിലേക്കായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2406-01-800-55 <u>സാമൂഹിക വനവിപുലീകരണവും കാർഷിക വനവൽക്കരണവും</u>

(01) <u>വനവിപുലീകരണം</u>

1988-ലെ ദേശീയവനനയത്തിൽ മൊത്തം ഭൂവിസ്തൃതിയുടെ മൂന്നിൽ ഒരു ഭാഗത്ത് വൃക്ഷവിന്യാസം ഉണ്ടാകണമെന്ന് നിഷ്കർഷിക്കുന്നു. അതിന്റെ ഭാഗമായി വീട്ടുവളപ്പിലും, മറ്റ് പ്രദേശങ്ങളിലും വ്യാപകമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന പരിപാടി പൊതുജനങ്ങളുടെയും സ്കൂൾ വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുക, വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'എന്റെ മരം, നമ്മുടെ മരം', 'വഴിയോര തണൽ' എന്നീ പദ്ധതികൾ സ്കൂൾ കോളേജ് കാമ്പസുകൾ, പൊതുസ്ഥലങ്ങൾ, റെയിൽവേയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദികൾ, അരുവികൾ, കനാലുകൾ എന്നിവയുടെ കരകളിലും വ്യാപിപ്പിക്കുക, വൃക്ഷത്തൈ നട്ട് പരിപാലിക്കുന്ന നടപടി എന്നിവ കാര്യക്ഷമമായി

നടന്നുവരുന്നതായി സമിതി വിലയിരുത്തുന്നു. അതോടൊപ്പം സിറ്റിസൺ റൂറൽ സർവ്വേ പ്രോഗ്രാം, നിലവിലുള്ളതും നശിച്ചുകൊണ്ടിരിക്കുന്നതുമായ പാർക്കുകളുടെ നവീകരണം, പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ഇടുക്കി ജില്ലയിലെ മഴനിഴൽ പ്രദേശങ്ങളിൽ ചോലവനങ്ങൾ വച്ചുപിടിപ്പിക്കൽ, പ്രകൃതി ക്യാമ്പുകൾ സംഘടിപ്പിക്കൽ, നൂതന സാമൂഹിക വനവത്ക്കരണ പരിപാടികൾ നടപ്പാക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കൽ, ഫോറസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കൽ എന്നീ പദ്ധതികളും സംസ്ഥാനത്ത് സമാന്തരമായി നടന്നുവരുന്നതായ വിവരവും സമിതി മനസ്സിലാക്കി. എന്നാൽ, മേൽവിവരിച്ച പദ്ധതികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്നു കാണുന്നതിനാൽ 700 ലക്ഷം രൂപ അധികമായി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2406-01-800-56 - <u>മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ</u>

വനാതിർത്തികളിൽ താമസിക്കുന്ന മനുഷ്യരുടെ ജീവനും, കന്നുകാലികൾക്കും വിളകൾക്കും വന്യമൃഗങ്ങളിൽ നിന്നും നാശമുണ്ടാകുന്ന ഒരു അവസ്ഥ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നേരിടുന്ന ഒരു പ്രശ്നമാണ്. വന്യമൃഗങ്ങളിൽ പ്രത്യേകിച്ചും ആനകൾ, കാട്ടുപന്നികൾ, കടുവകൾ, കരടികൾ, വിഷപ്പാമ്പുകൾ എന്നിവ തുടർച്ചയായി മനുഷ്യനും വിളകൾക്കും ഭീഷണിയാകുന്നു. കൃഷിഭൂമിയിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് ആനകിടങ്ങുകൾ, പരുക്കൻ കല്ലുകൾ ഉപയോഗിച്ചുള്ള ഭിത്തികൾ, സൗരോർജ്ജ വേലികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, വനത്തിനുള്ളിലെ താമസക്കാരെ പുനരധിവസിപ്പിക്കുക, വന്യമൃഗങ്ങളുടെ ആക്രമണത്തിലൂടെ ജീവഹാനി സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുക തുടങ്ങിയ പദ്ധതികൾക്കും മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള കൃഷിരക്ഷാ പദ്ധതികൾക്കായും ഈ സാമ്പത്തികവർഷം അനുവദിച്ച തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ, മേൽപ്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പിനായി ഈ വർഷം 24200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

വന്യമൃഗങ്ങളുടെ ആക്രമണം നിമിത്തം ജീവഹാനി സംഭവിക്കുന്നതിന് നൽകുന്ന പരമാവധി നഷ്ടപരിഹാരത്തുക പത്തുലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്നും മനുഷ്യ-മൃഗസംഘർഷ ലഘൂകരണമാർഗ്ഗങ്ങൾക്കായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള തുക പൂർണ്ണമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതോടൊപ്പം വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിലെ വകുപ്പ് 40(4)-ൽ പരാമർശിച്ചിരിക്കുന്ന രജിസ്ട്രേഷൻ ഇല്ലാത്ത നാട്ടാനകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുവാനും അപ്രകാരം രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്നും ഫീസിനത്തിൽ 2 ലക്ഷം രൂപയും, വർഷംതോറും രജിസ്ട്രേഷൻ പുതുക്കുന്നതിനായി 25,000 രൂപയും ഈടാക്കുവാനും പ്രസ്തുത തുക ആനപരിപാലനത്തിനായി ഉപയോഗപ്പെടുത്താനും ആവശ്യമായ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ചുനടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

നഷ്ടപരിഹാര തുക 5 ലക്ഷമായി വർദ്ധിപ്പിച്ചുകൊണ്ട് 17.11.2014 ലെ സ.ഉ.(എം.എസ്) നമ്പർ 96/2014/വനം നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ട് ഒരു വർഷം മാത്രമായിട്ടുള്ള സാഹചര്യത്തിലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും നിലവിലുള്ള നഷ്ടപരിഹാര തുക 10 ലക്ഷമായി വർദ്ധിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

രജിസ്ട്രേഷൻ ഇല്ലാത്ത നാട്ടാനകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനായി ആന ഉടമസ്ഥന് ഒറ്റത്തവണ അവസരം (one time opporturnity) നൽകുന്നതിനായി G.O(Rt) 84/2016/F&WLD., dated 16.02.2016 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

<u>ശിപാർശ</u>

2406-02-110-48 - <u>പുത്തൂർ സുവോളജിക്കൽ പാർക്ക് വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം</u>

തൃശ്ശൂർ മൃഗശാലയിലെ പക്ഷികളെയും മൃഗങ്ങളെയും കൂടുതൽ സ്ഥലസൗകര്യമുള്ള മറ്റൊരു സ്ഥലത്തേക്ക് മാറ്റുക, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പക്ഷിമൃഗാദികളെ പ്രത്യേകമായി പരിപാലിക്കുന്നതിന് വനം വകുപ്പിന്റെ തൃശ്ശൂർ ഡിവിഷന്റെ കീഴിലുള്ള പട്ടിക്കാട് റേയിഞ്ചിൽ പുത്തൂർ വനഭൂമിയിൽ 136 ഹെക്ടർ പ്രദേശത്ത് സുവോളജിക്കൽ പാർക്ക്

സ്ഥാപിക്കുക, പ്രസ്തുത പാർക്കിൽ 70-ൽപരം വിവിധ ഇനത്തിലുള്ള പക്ഷികളെയും മൃഗങ്ങളെയും പ്രകൃതിദത്തമായ തുറന്ന അന്തരീക്ഷത്തിൽ സംരക്ഷിച്ച് പ്രദർശിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾക്കായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളതായി സമിതിക്ക് മനസ്സിലാക്കുവാൻ സാധിച്ചു. എന്നാൽ, ഇതിലേക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്നു കാണുന്നതിനാൽ 2800 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും അതോടൊപ്പം തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ നവീകരണത്തിനായി നടപ്പുവർഷം 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

**<u>നോൺ പ്ലാൻ</u>**

<u>ശിപാർശ</u>

2406-01-105-99 - <u>ഗവൺമെന്റ് ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുല്പന്നങ്ങളും സംഭരിക്കുന്നതിന്</u>

വനം വകുപ്പിൽ നിന്നും സർക്കാരിന് മുഖ്യവരുമാനം ലഭിക്കുന്ന തേക്ക് തോട്ടങ്ങളിൽ നിന്നും മരങ്ങൾ മുറിച്ച് തടിയും വിറകും ശേഖരിക്കുക, വനത്തിൽ കാറ്റിൽ പിഴുത് വീണതും ഉണങ്ങിയതുമായ മരങ്ങൾ മുറിച്ച് തടി ശേഖരിക്കുക, ഏജൻസികൾ വഴി വനത്തിൽ നിന്നും തടിയും മറ്റുല്പന്നങ്ങളും ശേഖരിക്കുക തുടങ്ങിയ ചെലവുകൾക്കായി ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 700 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

2406-01-105-99 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 2348.50 ലക്ഷം രൂപയാണ് പ്രാഥമികമായി വകയിരുത്തിയത്. കൂടാതെ സർക്കാർ ഉത്തരവ് G.O(Rt) 565/16/Fin dated 20.01.2016 പ്രകാരം 200 ലക്ഷം രൂപ Re-appropriation മുഖേന അധികമായി വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ</u>

2406-01-105-94 - <u>കന്നുകാലികൾ</u>

വനംവകുപ്പിന്റെ ഉടമസ്ഥതയിലുള്ള ആന, മാൻ തുടങ്ങിയ മൃഗങ്ങളുടെ സംരക്ഷണം, മൃഗശാലയുടെ പരിപാലനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഈ

ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

## സ്വീകരിച്ച നടപടി

2406-01-105-94 - കന്നുകാലികൾ എന്ന ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 256.18 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 07.07.2015 ലെ G.O(Rt) No.6317/15/Fin നമ്പർ ഉത്തരവ് പ്രകാരം എസ്.ഡി.ജി മുഖേന 100 ലക്ഷം രൂപയും ധനപുനർവിനിയോഗം വഴി 07.89 ലക്ഷം രൂപയും അഡിഷണൽ ആതറൈസേഷൻ വഴി 26.08.2015-ലെ G.O(Rt) No.7745/2015 പ്രകാരം 65.57 ലക്ഷം രൂപയും G.O(Rt) 565/16/Fin dated 20.01.2016, G.O.(Rt) 3330/16/Fin dated 31.03.2016 എന്നിവ പ്രകാരം യഥാക്രമം 42.32 ലക്ഷം രൂപയും 29 ലക്ഷം രൂപയുമായി ആകെ 493.07 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതായത് പ്രാഥമിക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അധികമായി 236.89 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ശിപാർശ

2406-01-105-94 - <u>കന്നുകാലികൾ</u>

വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിനായി വിവിധ ശീർഷകങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. പ്രസ്തുത ശീർഷകത്തിൽ താഴെപറയും പ്രകാരം 27.00 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

| ക്രമ നം. | ശീർഷകം | ഇപ്പോഴത്തെ ബഡ്ജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ) | അധികം ആവശ്യമുള്ള സംഖ്യ(രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2406-01-001-99- ചീഫ്കൺസർവേറ്ററുടെ ആഫീസ് 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 9.39 | 10.61 |
| 2 | 2406-01-001-98-സർക്കിൾ കൺസർവേറ്ററുടെ ആഫീസ് 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 2.42 | 3.58 |

| | | | |
|---|---|---|---|
| 3 | 2406-01-001-97 പ്രവർത്തന പദ്ധതിക്കും ഗവേഷണത്തിനുമായുള്ള സർക്കിൾ 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 0.58 | 2.42 |
| 4 | 2406-01-001-95-ജില്ലാ ആഫീസുകൾ 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 19.61 | 10.39 |
| | ആകെ | 32.00 | 27.00 |

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിനായി വിവിധ ശീർഷകങ്ങളിൽ ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക 32 ലക്ഷമാണ്. കൂടാതെ G.O(Rt) 565/16 dated 20.01.2016 പ്രകാരം 2406-01-101-99-1(4-MR)-NP ശീർഷകത്തിൽ 7 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

അതുപോലെ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത, വിവിധ ഓഫീസുകളുടെ വൈദ്യുതി ചെലവ് എന്നീ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുകയും അപര്യാപ്തമാണെന്ന് കാണുന്നതിനാൽ വ്യത്യസ്ത ശീർഷകങ്ങളിൽ താഴെപറയും പ്രകാരം യാത്രാബത്ത ഇനത്തിൽ 42.15 ലക്ഷം രൂപയും വൈദ്യുതി ചെലവിനത്തിൽ 50.00 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>എ. യാത്രാബത്ത</u>

| ക്രമ നം | ശീർഷകം | ഇപ്പോഴത്തെ ബഡ്ജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ) | അധികം ആവശ്യമുള്ള സംഖ്യ(രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2406-01-001-99-ചീഫ്കൺസർവേറ്ററുടെ ആഫീസ് 04(1) യാത്രാ ബത്ത | 17.60 | 7.40 |
| 2 | 2406-01-001-98-സർക്കിൾ കൺസർവേറ്ററുടെ ആഫീസ് 04(1) യാത്രാബത്ത | 5.50 | 9.50 |

| | | | |
|---|---|---|---|
| 3 | 2406-01-001-97 പ്രവർത്തന പദ്ധതിക്കും ഗവേഷണത്തിനുമായുള്ള സർക്കിൾ<br>04(1) യാത്രാബത്ത | 0.75 | 4.25 |
| 4 | 2406-01-001-96-വിജിലൻസും വിലയിരുത്തലും വിഭാഗം<br>04(1) യാത്രാബത്ത | 19.80 | 6.00 |
| 5 | 2406-01-001-95- ജില്ലാ ആഫീസു കൾ<br>04(1) യാത്രാബത്ത | 48.04 | 15.00 |
| | ആകെ | 91.69 | 42.15 |

(ഖണ്ഡിക 15)

## സ്വീകരിച്ച നടപടി

വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത ഇനത്തിലേക്കായി ഈ സാമ്പത്തിക വർഷം 91.69 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക തൻ വർഷത്തെ ചെലവിന് പര്യാപ്തമായതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

ബി. വൈദ്യുതി ചെലവ്

| ക്രമ നം. | ശീർഷകം | ഇപ്പോഴത്തെ ബഡ്ജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ) | അധികം ആവശ്യമുള്ള സംഖ്യ (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2406-01-001-99- ചീഫ്കൺസർവേറ്ററുടെ ആഫീസ്<br>05(2) വൈദ്യുത ചെലവ് | 25.30 | 50.00 |

## സ്വീകരിച്ച നടപടി

വൈദ്യുതി ചെലവ് ഇനത്തിൽ ഈ സാമ്പത്തിക വർഷം 25.30 ലക്ഷം രൂപ അനുവദിച്ചിരുന്നു. കൂടാതെ 66.70 ലക്ഷം രൂപ G.O(Rt) 565/16/Fin Dated 20.01.2016 പ്രകാരം Re-appropriation മുഖേന അധികമായി വകയിരുത്തിയിട്ടുണ്ട്.

## ധനാഭ്യർത്ഥന നമ്പർ XLII
## വിനോദസഞ്ചാരം

### ശിപാർശ

**3452-01-102-89 - കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ മാലിന്യവിമുക്ത മേഖലയാക്കൽ.**

സംസ്ഥാനത്തെ 14 ജില്ലകളിലെയും കുടുംബശ്രീകളെ ഉൾപ്പെടുത്തിയാണ് ടൂറിസ്റ്റ് കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കുന്ന പ്രവൃത്തികൾ നടത്തിവരുന്നത്. എന്നാൽ പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തി അവിടം മാലിന്യമുക്തമാക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന 400 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ ഈ ഇനത്തിൽ അധികമായി 200 ലക്ഷം രൂപ പദ്ധതി വിഹിതമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

### സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി ലഭിച്ച 400 ലക്ഷം രൂപയുടെ പദ്ധതികൾ മാത്രമാണ് ഈ വകുപ്പിൽ നിന്ന് നടപ്പാക്കിയത്. ലഭ്യമായ പദ്ധതി വിഹിതത്തിനുള്ളിൽ നിന്നുകൊണ്ട് തുക ചെലവഴിച്ചതിനാൽ അധിക തുക ആവശ്യമായി വന്നിട്ടില്ല.

### ശിപാർശ

**3452-80-104-99 - പരിസ്ഥിതി, സംസ്കാരം, പൈതൃകം എന്നിവയുടെ പരിപാലനവും സംരക്ഷണവും.**

കേരളത്തിന്റെ സംസ്കാരവും പൈതൃകവും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഊന്നൽ നൽകുന്ന പരിപാടികളുടെ ഭാഗമായി ഉത്സവങ്ങൾ, മേളകൾ, വിവിധ മത്സരങ്ങൾ, ബിനാലെകൾ തുടങ്ങിയവ സംഘടിപ്പിക്കുക, സാമ്പത്തിക സഹായം ലഭ്യമാക്കുക എന്നിവയ്ക്കായി മേൽപ്പറഞ്ഞ ബഡ്ജറ്റ് ഹെഡിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് കാണുന്നതിനാൽ ആയതിലേക്കായി 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

ഈ ബഡ്ജറ്റ് ഹെഡ്ഡിൽ അനുവദിച്ച 650 ലക്ഷം രൂപയിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ശിപാർശ ചെയ്ത അധികം തുകയുള്ള പദ്ധതികൾ 2015-16 സാമ്പത്തിക വർഷം ലഭിക്കാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

3452-80-104-98-34 - <u>ടൂറിസം - വിപണനവും പ്രോത്സാഹനവും.</u>

ഇന്ത്യയിലെ വിനോദസഞ്ചാര മേഖലയിലെ മുൻനിരസ്ഥാനം നിലനിർത്തുന്നതിനും ആഗോള തലത്തിൽ മികച്ച ടൂറിസം ബ്രാൻഡായി സംസ്ഥാനത്തെ ഉയർത്തിക്കാട്ടുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിനോദസഞ്ചാര വകുപ്പ് നൂതന വിനോദസഞ്ചാര ഉത്പന്നങ്ങളിലും പുതിയ മാർക്കറ്റുകളിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനായി രാജ്യത്തിനകത്തും പുറത്തും വ്യാപാരമേളകളിൽ പങ്കെടുക്കുക, റോഡ് ഷോകൾ നടത്തുക, ടൂർ ഓപ്പറേറ്റേഴ്സ്/പ്രമുഖ ട്രാവൽ റൈറ്റേഴ്സ്/പത്ര പ്രവർത്തകർ എന്നിവർക്കായുള്ള ട്രിപ്പുകൾ സംഘടിപ്പിക്കുക, പ്രിന്റ്/ടി.വി/ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങളിലൂടെ പരസ്യം നൽകുക, സിനിമയിലൂടെയുള്ള പരസ്യ പ്രദർശനം, ചാർട്ടർ ഫ്ലൈറ്റ് റേഡിയോയിലൂടെയുള്ള പരസ്യം നൽകുക, ഗ്രൗണ്ടിൽ പരസ്യങ്ങൾ നൽകുക, മലബാറിലെ പാരമ്പര്യ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നതായും സമിതി മനസ്സിലാക്കുന്നു. ഇന്റർനെറ്റിലൂടെയുള്ള പ്രചരണത്തിന്റെ ഭാഗമായി സോഷ്യൽ മീഡിയകളായ ട്വിറ്റർ, ഫേസ്ബുക്ക്, യൂട്യൂബ് എന്നിവ വഴിയുള്ള വിപണനവും വിസിറ്റ് കേരള, ഗ്ലോബൽ ആയുർവേദ ക്യാമ്പയിൻ എന്നിവയിലൂടെയുള്ള വിപണനവും ലക്ഷ്യമിടുന്നു. ഇത്തരം പദ്ധതികൾക്കായി 700 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

2015-16 ലെ ബഡ്ജറ്റ് വിഹിതമായ 3100 ലക്ഷം രൂപയുടെ പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് നടപ്പാക്കാൻ കഴിഞ്ഞത്. പുതിയ പദ്ധതികൾ ആവിഷ്കരിക്കാത്തിനാൽ അധിക തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

ശിപാർശ

3452-80-800-97 - വിനോദസഞ്ചാര സ്ഥാപനങ്ങളുടെ നവീകരണവും ശക്തിപ്പെടുത്തൽ നടപടികളും.

അന്തർദേശീയ നിലവാരത്തിൽ ടൂറിസം കേന്ദ്രങ്ങളെ ആധുനികവൽക്കരിക്കുന്നതിനായി 1.5 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ കേരളത്തിൽ എത്തുന്ന വിനോദസഞ്ചാരികളുടെ വരവിനനുസരിച്ച് അന്തർദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങൾ നൽകേണ്ടതാണ്. അതിലേയ്ക്കായി അധികമായി 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

2015-16 ലെ ബഡ്ജറ്റ് വിഹിതമായ 150 ലക്ഷം രൂപയുടെ പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് നടപ്പാക്കാൻ കഴിഞ്ഞത്. ആയതിനാൽ അധിക തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

ശിപാർശ

3452-80-800-90(26)-33 -സ്വകാര്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം - സബ്സിഡി.

ടൂറിസം മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് സർക്കാർ പ്രഖ്യാപിച്ച ടൂറിസം നയത്തിന്റെ ചുവടുപിടിച്ച് ടൂറിസം പദ്ധതികളുടെ അതിവേഗ ക്ലിയറൻസ് സംവിധാനം, ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്ന പുതിയ സബ്സിഡി നടപ്പാക്കൽ, മാർക്കറ്റിംഗ് രംഗത്ത് പുത്തൻ സംരംഭകർക്കുള്ള സഹായം, ആയുർവേദം ഹോംസ്റ്റേ സംരംഭകർക്ക് വിദേശവും സ്വദേശീയവുമായ വിപണന സഹായം, മേളകളിൽ പങ്കെടുക്കൽ എന്നിവയ്ക്ക് ഉതകുന്ന പുതിയ സബ്സിഡി സമ്പ്രദായം എന്നിവ രൂപപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അതോടൊപ്പം ഈ പ്രക്രിയയ്ക്കായി വേണ്ട പരിശീലനം, ശാക്തീകരണം അടിസ്ഥാന സൗകര്യ വികസനം, പാരമ്പര്യ ഊർജ്ജ ഉറവിട പദ്ധതികൾക്കായി സെമിനാർ, വർക്ക്ഷോപ്പ് പ്രചരണം തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി നടപ്പുവർഷത്തേക്ക് 600 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. എന്നാൽ പ്രസ്തുത ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമായിരിക്കുമെന്നതിനാൽ ഈ ഇനത്തിൽ 400 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

2015-16 ലെ ബഡ്ജറ്റ് വിഹിതമായ 600 ലക്ഷം രൂപയുടെ പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് നടപ്പാക്കാൻ കഴിഞ്ഞത്. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

3452-80-800-79 - ജില്ലാ വിനോദസഞ്ചാര പ്രോത്സാഹന കൗൺസിലുകളും സന്ദർശക പ്രോത്സാഹന ബ്യൂറോകളും (ഡി.റ്റി.പി.സി)

സംസ്ഥാനത്തെ ജില്ലകളുടെ വിവിധ ടൂറിസം പദ്ധതികൾക്കു വേണ്ടി പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതിനും പദ്ധതി നിർവ്വഹണത്തിനുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത ബഡ്ജറ്റ് ഹെഡ്ഡിൽ അധികമായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

2015-16 ലെ ബഡ്ജറ്റ് വിഹിതമായ 550 ലക്ഷം രൂപയുടെ പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് നടപ്പാക്കാൻ കഴിഞ്ഞത്. ആയതിനാൽ അധിക തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

ശിപാർശ

3452-80-800-34 - ഉത്തരവാദിത്വത്തോടെയുള്ള വിനോദസഞ്ചാരം

സാമ്പത്തിക സാമൂഹിക പാരിസ്ഥിതിക മേഖലകളെ കൂട്ടിയിണക്കി സംഘടിത രൂപവും രൂപഭദ്രതയും സംയോജിപ്പിച്ച് ഇന്ത്യയിൽ ആദ്യമായി ഉത്തരവാദിത്ത ടൂറിസം സംരംഭങ്ങൾക്ക് തുടക്കം കുറിച്ച സംസ്ഥാനം കേരളമാണെന്നും, ദരിദ്ര ജനവിഭാഗങ്ങളോട് ആഭിമുഖ്യം പ്രദർശിപ്പിക്കുന്ന ടൂറിസം നയമാണ് കേരളാ ടൂറിസം നടപ്പിലാക്കുന്ന "ഉത്തരവാദിത്ത ടൂറിസം" എന്നാണ് കേന്ദ്ര പ്ലാനിംഗ് ബോർഡിന്റെ നയസമീപന രേഖകളിൽ ചൂണ്ടിക്കാട്ടുന്നതെന്നും പ്രാദേശിക ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കാവുന്ന ഒരു പരിഹാരക്രിയാമാതൃകയായാണ് ടൂറിസം വകുപ്പ് ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്നതെന്നും സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ മിഷൻ 676-ന്റെ ഭാഗമായി 120 ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

2015-16 ലെ ബഡ്ജറ്റ് വിഹിതമായ 100 ലക്ഷം രൂപയുടെ പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് നടപ്പാക്കാൻ കഴിഞ്ഞത്. ആയതിനാൽ അധിക തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

ശിപാർശ

5452-01-190-96 - ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ

ബി.ആർ.ഡി.സി.-യ്ക്ക് സ്വന്തമായി ഓഫീസും ഗസ്റ്റ് ഹൗസും പണിയുക, ബേക്കൽ എയർ സ്ട്രിപ്പിന്റെ നിർമ്മാണം, ബീച്ചുകളുടെയും ബസ് സ്റ്റേഷന്റെയും വികസനം, മറ്റനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന 150 ലക്ഷം രൂപയ്ക്ക് പുറമെ 300 ലക്ഷം രൂപ അധികമായി ഈ ബഡ്ജറ്റ് ഹെഡ്ഡിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി ലഭിച്ച 150 ലക്ഷം രൂപയും സാമ്പത്തിക വർഷാവസാനത്തിൽ ELAMPS ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ

5452-01-800-84 - മുസിരീസ് - സ്പൈസ് റൂട്ട് പൈതൃക പദ്ധതി

എറണാകുളം ജില്ലയിലെ പറവൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, ചേന്ദമംഗലം എന്നീ സ്ഥലങ്ങളിലെ ചരിത്ര സ്മാരകങ്ങളെ ബന്ധിപ്പിച്ച് കേരള ചരിത്രത്തിന്റെ പരിച്ഛേദം സന്ദർശകർക്ക് പകർന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന മുസിരീസ് പൈതൃക സംരക്ഷണ പദ്ധതിക്കും, സ്പൈസ് റൂട്ട് പദ്ധതിയ്ക്കും സംസ്ഥാനത്തെ ഇതര ഹെറിറ്റേജ് പദ്ധതികൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയുടെ തുടർന്നുള്ള സുഗമമായ നടത്തിപ്പിന് 500 ലക്ഷം രൂപ അധികമായി മേൽ സൂചിപ്പിച്ച ബഡ്ജറ്റ് ഹെഡിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

2015-16 ലെ ബഡ്ജറ്റ് വിഹിതമായ 1800 ലക്ഷം രൂപയുടെ പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് നടപ്പാക്കാൻ കഴിഞ്ഞത്. ആയതിനാൽ അധിക തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

## ഭാഗം II

## 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ മറുപടി ലഭിക്കവാനുള്ള ഖണ്ഡികകൾ സംബന്ധിച്ച വിശദാംശം

| ക്രമ നം. | വകുപ്പ് | ശിപാർശ ഖണ്ഡിക |
|---|---|---|
| 1. | പരിസ്ഥിതി<br>ധനാഭ്യർത്ഥന നമ്പർ XVII<br>i) പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ<br>ii) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (പ്ലാൻ ഫണ്ട്) | ഖണ്ഡിക 16<br>ഖണ്ഡിക 19 |
| 2. | ധനാഭ്യർത്ഥന നമ്പർ XX<br>കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (നോൺ പ്ലാൻ ) | ഖണ്ഡിക 20 |
| 3. | ധനാഭ്യർത്ഥന നമ്പർ XXXIV<br>കേരള സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ബോർഡ് | ഖണ്ഡിക 17, 18 |

തിരുവനന്തപുരം,
2016 ഒക്ടോബർ 24.

കെ. രാജു,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി X.*

1137/2016.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.